Kerala Kaumudi 24-06-2026

# നികുതിയടയ്ക്കാതെ ഓടുന്നത് 91,477 വാഹനങ്ങൾ

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുമ്പോഴും കിട്ടാവുന്ന വരുമാനം മുഴുവൻ പിരിച്ചെടുക്കുന്നതിൽ മുൻ സർക്കാരിന് വൻവീഴ്ചയുണ്ടായെന്ന് സി.എ.ജി റിപ്പോർട്ട്.

2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലാണിത്. മോട്ടോർ വാഹന നികുതി പിരിക്കാൻ ആധുനിക സംവിധാനങ്ങളുണ്ടെങ്കിലും പഴയ മട്ടിൽ മാന്വലായാണ് സംവിധാനം പ്രവർത്തിക്കുന്നത്. വാഹനഉടമകളുടെ സ്റ്റേറ്റ്മെന്റ് വിശ്വസിച്ചാണ് നികുതി പിരിവ്.

ഹരിത നികുതിയുണ്ടെങ്കിലും ഈടാക്കാറില്ല. കാലാവധി കഴിഞ്ഞ 91,477 വാഹനങ്ങളാണ് ഇതുമൂലം ഇപ്പോഴും നികുതിയടയ്ക്കാതെ ഓടുന്നത്. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 32 പേരുടെ മരണത്തിനിടയാക്കിയ അപകടങ്ങളിൽ ഉൾപ്പെട്ട 344 വാഹനങ്ങളും ഇത്തരത്തിൽ നികുതിയടയ്ക്കാതെ ഓടുന്നവയാണ്.

റെന്റ് എ ക്യാബ് സേവനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് 461 ഏജൻസികളുണ്ടെങ്കിലും ഫീസടച്ച് ലൈസൻസ് എടുത്തിട്ടുള്ളത് ഒൻപതെണ്ണം മാത്രം. കോൺട്രാക്ട് കാര്യേജുകളിൽ 1620 എണ്ണം മാത്രമാണ് സാധുവായ പെർമിറ്റ് എടുത്തിട്ടുള്ളത്. കോടികളുടെ നഷ്ടമാണ് ഇതിലൂടെ ഉണ്ടാകുന്നത്.

മാഹിയിൽ നിന്നടക്കം വരുന്ന വാഹനങ്ങൾ പരിശോധിക്കാൻ സംവിധാനമുണ്ടെങ്കിലും 110720 ലിറ്റർ വിദേശമദ്യം രേഖകളൊന്നുമില്ലാതെ കടത്തിയതായാണ് എൻഫോഴ്സ്മെന്റ് റിപ്പോർട്ട്. രജിസ്ട്രേഷൻ വിഭാഗത്തിൽ ഭൂമിയുടെ ന്യായവില സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായി. മാതൃ സർവേ നമ്പറിൽ ലഭ്യമായ ന്യായവില സ്വീകരിക്കാത്തത്, ഭൂമിയുടെ തെറ്റായ തരംതിരിവ്, വസ്തുവിന്റെ വിഭജിച്ചുള്ള വിൽപ്പന എന്നിവയിലൂടെയും കോടികളുടെ നഷ്ടമാണ് വരുന്നത്.

പറമ്പിക്കുളം ആളിയാർ പദ്ധതിക്കായി അനുവദിച്ച ഭൂമിയുടെ പുതുക്കിയ ലൈസൻസ് ഫീസ് തമിഴ്നാട് സർക്കാരിൽ നിന്ന് ഈടാക്കാതിരുന്നതുമൂലം വനംവകുപ്പിന്റെ വരുമാനത്തിൽ 1.70 കോടി നഷ്ടമായി. ഇതിനുപുറമെ പാട്ടവാടക പിരിക്കാത്തതും കോടികളുടെ നഷ്ടം വരുത്തിയെന്നും സി.എ.ജി റിപ്പോർട്ടിലുണ്ട്.

## 5 വിഭാഗങ്ങളിൽ നഷ്ടം 30,308 കോടി

**കി**ട്ടാവുന്ന വരുമാനം മുഴുവൻ പിരിച്ചെടുക്കുന്നതിൽ വൻവീഴ്ചയെന്നും സി.എ.ജി. ലോട്ടറി നടത്തിപ്പിൽ മാത്രമാണ് മികച്ച പ്രകടനം.

എക്സൈസ്, സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ്, മോട്ടോർ വാഹനനികുതി, കാർഷികാദായ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ വീഴ്ച. ഈ അഞ്ച് വിഭാഗങ്ങളിൽ മാത്രം നഷ്ടമായത് 30,308.52 കോടി. നികുതിവരുമാനം 90.67 ലക്ഷം കോടി. കേന്ദ്രം നൽകുന്നത് 33,811.18 കോടി. മൊത്തവരുമാനം ആകെ 1.24 ലക്ഷം കോടി.

Kerala Kaumudi 24-06-2026

# സ്റ്റാമ്പ് ഡ്യൂട്ടിയിൽ 111 കോടി കുറവ്

തിരുവനന്തപുരം: വസ്തുവിന്റെ തെറ്റായ തരംതിരിവ്, വസ്തുവിന്റെ വിഭജിച്ചുള്ള വില്പന, കെട്ടിടങ്ങളുടെ വിലകുറച്ചു കാണിക്കൽ തുടങ്ങിയവ വഴി 2023-24 സാമ്പത്തിക വർഷം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 111.28 കോടിയുടെ കുറവുണ്ടായതായി സി.എ.ജി റിപ്പോർട്ട്. മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സൂക്ഷ്മ പരിശോധനയിൽ അഞ്ച് കേസുകളിൽ, നിശ്ചയിച്ച ന്യായവിലയ്ക്ക് പകരം ആധാരങ്ങളിൽ പറഞ്ഞിരിക്കുന്ന വില അടിസ്ഥാനമാക്കി സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയതായി കണ്ടെത്തി.